<u>മുഖ്യനഗരാസൂത്രകയുടെ നടപടി</u>
<u>തിരുവനന്തപുരം</u>

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - മലപ്പുറം ജില്ല വാഴക്കാട് ഗ്രാമപഞ്ചായത്ത് വാഴക്കാട് വില്ലേജ് പെട്രോളിയം ഔട്ട് ലെറ്റ് നിർമ്മാണം - ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. വാഴക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 06.11.2019 ലെ എ 2-7393-19 നമ്പർ കത്ത്.

2. മലപ്പുറം ടൗൺ പ്ലാനറുടെ 28/11/2019 ലെ TCPMPM/2312/19-A3 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/3055/2019-C2 തീയതി:**01/01/2020**

---

മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വാഴക്കാട് വില്ലേജിൽ റീ സർവ്വേ നമ്പർ 187/2-1, 187/2-6 എന്നിവയിൽഉൾപ്പെട്ട 0.0697 ഹെക്ടർ സ്ഥലത്ത് 147.02 ച.മീ വിസ്തീർണ്ണമുള്ള പെട്രോൾ പമ്പ് (Sales building-35.02.ച.മീ, Canopy-112 ച.മീ) നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.മുഹമ്മദ് ബഷീർ മുതൽ 4 പേരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
2. കെ.പി.ബി.ആർ.2011-ലെ ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരിതയും ഉടമസ്ഥാവകാശവും പ്രസ്തുത ഭൂമി പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും കൂടാതെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ കീഴിൽ വരുന്നതാണോ എന്നും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
3. കെ.പി.ബി.ആർ.2011-ലെ ചട്ടം 61(4) പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശന വീതിയും അതുപോലെ പ്രധാന തെരുവിൽ നിന്നും പ്ലോട്ടിലേക്കു പ്രവേശിക്കുവാനുള്ള വഴിയുടെ വീതി എന്നിവ ഏറ്റവും ചുരുങ്ങിയത് 7 മീ. ലഭിക്കുന്നുണ്ടെന്നും ആയതു വാഹനഗതാഗതയോഗ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
4. പെർമിറ്റ് നൽകുന്നതിന് മുൻപ് കെ.പി.ബി.ആർ ചട്ടം 61(6) പ്രകാരം ഫയർ വകുപ്പിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
5. കെ.പി.ബി.ആർ.2011-ലെ ചട്ടം 61(7) പ്രകാരം ഫയർ പ്രൊട്ടക്ഷൻ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
6. കെ.പി.ബി.ആർ.2011-ലെ ചട്ടം 61(8) പ്രകാരമുള്ള സാനിട്ടേഷൻ സൗകര്യം നൽകിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

7. കെ.പി.ബി.ആർ.2011-ലെ ചട്ടം 61(11) പ്രകാരം പെട്രോൾ നിറയ്ക്കൽ കേന്ദ്രത്തിന്റെ ചില്ലറ വിതരണ യൂണിറ്റ്, പമ്പിന്റെ അതിർത്തിയായി അടയാളപ്പെടുത്തിയിട്ടുള്ള ഏതൊരു ബിന്ദുവിൽ നിന്നും 7.5 മീറ്റർ അകലത്തിൽ ആണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
8. കെ.പി.ബി.ആർ.2011-ലെ ചട്ടം 61(12) പ്രകാരം, കനോപ്പി പ്ലോട്ട്, അതിരിൽ നിന്നും 3.0 മീറ്റർ പിറകോട്ട് മാറൽ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
9. കെ.പി.ബി.ആർ.2011-ലെ ചട്ടം 61(13) പ്രകാരം വില്പന ഓഫീസിന് തെരുവിനോട് ചേർന്നുള്ളതല്ലാത്ത പ്ലോട്ട് അതിരിൽ നിന്നും ചുരുങ്ങിയത് 1.0 മീറ്റർ തുറസ്സായ സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്.
10. കെ.പി.ബി.ആർ.2011-ലെ ചട്ടം 61(16), (17) പ്രകാരമുള്ള ഖര -ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനവും മലിന ജലം പുതുക്കി പുനരുപയോഗത്തിനുള്ള വ്യവസ്ഥിതി ഏർപ്പെടുത്തേണ്ടതാണ്.
11. കെ.പി.ബി.ആർ.2011-ലെ ചട്ടം 101 പ്രകാരം ഭൂഗർഭജല പോഷണ സംവിധാനത്തിനുള്ള ക്രമീകരണങ്ങൾ നൽകേണ്ടതാണ്.
12. സമർപ്പിച്ച പ്ലാൻ പ്രകാരം നിലവിൽ സൈറ്റിൽ സ്ഥിതി ചെയ്യുന്ന കെട്ടിടം പൊളിച്ച മാറ്റിയാണ് പ്രസ്തുത പെട്രോൾ പമ്പ് നിർമ്മിക്കുന്നതായി കാണിച്ചിരിക്കുന്നത്. പെർമിറ്റ് നൽകുന്നതിന് മുൻപ് പ്രസ്തുത കെട്ടിടം പൊളിച്ചു മാറ്റിയിട്ടുണ്ടെന്ന സെക്രട്ടറി സ്ഥലം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
13. ജില്ലാ കളക്ടറുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
14. ആവശ്യമെങ്കിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 165/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
വാഴക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം-673640
പകർപ്പ്:-

1. ശ്രീ.മുഹമ്മദ് ബഷീർ & 3 Others, Kamassery Madhurakuzhi, CheruvayurP.O, Malappuram- 673645
2. ടൗൺ പ്ലാനർ, മലപ്പുറം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം